(ബി) ഹോളിഡേ ട്രാവൽ സിസ്റ്റം ഏതെല്ലാം നഗരങ്ങളിൽ നിലവിൽ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ജലഗതാഗത മേഖലയിൽ ഇത്തരത്തിലുള്ള എന്തെങ്കിലും പദ്ധതികൾ ഇപ്പോഴുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) പാസഞ്ചർ സർവ്വീസുകൾക്കാണ് ഗതാഗത വകുപ്പ് പ്രാമുഖ്യം നൽകുന്നത് എങ്കിലും വിനോദ സഞ്ചാര പ്രാധാന്യമുള്ള സ്ഥലങ്ങളെ ബന്ധപ്പെടുത്തി കഴിയുന്നത്ര ഗതാഗത സർവീസുകൾ നടത്തുന്നതിന് പ്രാധാന്യം നൽകുന്നു.

(ബി) ഇപ്പോൾ നിലവിലില്ല.

(സി) ജല ഗതാഗതവകുപ്പിൽ വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട് പദ്ധതികളൊന്നും ഇപ്പോഴില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

സാമ്പത്തിക അച്ചടക്കം സംബന്ധിച്ച ആർ.ബി.ഐ. നിർദ്ദേശങ്ങൾ

27 (*534) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക പുന: ക്രമീകരണം, സാമ്പത്തിക കൺസോളിഡേഷൻ എന്നിവ ലക്ഷ്യമാക്കിക്കൊണ്ട് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കേണ്ട അടിയന്തിര നടപടികളെകുറിച്ച് റിസർവ് ബാങ്കിൽ നിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് സംസ്ഥാന ഗവൺമെന്റിന്റെ പരിഗണനയ്ക്ക് റിസർവ് ബാങ്ക് സമർപ്പിച്ചിരിക്കുന്നത് ;

(സി) ഇതിൽ ഏതെങ്കിലും നിർദ്ദേശങ്ങൾ സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോയെന്നും അത് ഏതെല്ലാം ആണെന്നും വെളിപ്പെടുത്തുമോ ;

(ഡി) നിർദ്ദേശങ്ങൾ അംഗീകരിച്ചില്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ ;

(ഇ) സാമ്പത്തിക അച്ചടക്കം പാലിക്കുന്ന സംസ്ഥാനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ച പരിപാടിയിൽ നിന്നും നമ്മുടെ സംസ്ഥാനത്തിന് എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ധനകാര്യ വകുപ്പിന് നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ബി-ഡി) മുൻ ഉത്തരവിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേന്ദ്ര ഗവൺമെന്റ് ഇങ്ങനെ ഒരു പരിപാടി ആവിഷ്കരിച്ചതായി അറിവില്ല.

വാഹനങ്ങളുടെ ഓതറൈസേഷൻ പുതുക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ട്

28 (*535) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസ്റ്റ് വാഹനങ്ങൾക്കും നാഷണൽ പെർമിറ്റ് വാഹനങ്ങൾക്കും വർഷത്തിലൊരിക്കൽ ഓതറൈസേഷൻ പുതുക്കുന്നതിന് കാസർകോഡ് മുതലുള്ള വാഹന ഉടമകൾ തിരുവനന്തപുരത്തെ എസ്.ടി.എ. യിൽ വരേണ്ടിവരുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സംവിധാനം അതാത് ആർ.ടി.ഓഫീസിൽ തന്നെ നൽകുന്നതിന് സർക്കാരിന് നിയമ നിർമ്മാണം നടത്താം എന്ന കേരള ഹൈക്കോടതിയുടെ ഉത്തരവിന്മേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) വാഹന ഉടമകളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് ഈ സംവിധാനം ആർ.ടി. ഓഫീസിൽ ആക്കുന്നതിന് സർക്കാർ ഉടൻ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഉണ്ട്

(ബി) ബഹു. കേരള ഹൈക്കോടതി വിധിയെത്തുടർന്ന് ഈ സംവിധാനം ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾവഴി നടപ്പിലാക്കുന്നതിനായി നിലവിലുള്ള നിയമത്തിൽ ഭേദഗതികൾ വരുത്തേണ്ടതുണ്ട്. ഭേദഗതി വരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പരിശോധിച്ചു വരുന്നു.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാനത്തിന്റെ സാമ്പത്തിക നില

1 (2714) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 3-3-2000-ൽ സംസ്ഥാനത്തിന്റെ സാമ്പത്തികനില റിസർവ് ബാങ്ക് അക്കൗണ്ട്സ് പ്രകാരം എത്രയായിരുന്നു ;

(ബി) ഇപ്പോൾ സാമ്പത്തിക നില മെച്ചമാണോ, അതോ ചെലവുകൾ വെയ്സ് ആന്റ് മീൻസിലോ, ഓവർ ഡ്രാഫ്റ്റിലോ ആണോ നടക്കുന്നതെന്ന വിവരം വ്യക്തമാക്കുമോ ;

(സി) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന ഗവൺമെന്റ് സമാഹരിച്ച '506' കോടി രൂപ ട്രഷറിയിലാണോ നിക്ഷേപിച്ചിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly